

# പുതിയ അധ്യയന വർഷത്തിലേക്ക് ചില വിജയമന്ത്രങ്ങൾ

• അബ്ദുർറസാഖ് പുലാപ്പറ്റ




പുതിയ അധ്യയന വർഷത്തെ സന്തോഷത്തോടെ വേണം സ്വീകരിക്കാൻ. നിങ്ങളുടെ കളികളെയും വിനോദങ്ങളെയും തടയിടുന്ന ശത്രുവല്ല സ്കൂൾ പഠനം. ഭാവി ശോഭനമാകാനും ജീവിത സാഹചര്യങ്ങൾ മെച്ചപ്പെട്ടതാകാനും സർവോപരി നല്ല മനുഷ്യനാകാനുമുള്ള പരിശീലനമാണ് വിദ്യാഭ്യാസം. ഈ തിരിച്ചറിവ് നഷ്ടപ്പെടുമ്പോൾ വിദ്യാഭ്യാസം കയ്പ്പുള്ള പലഹാരമായി അനുഭവപ്പെടുന്നു.

അതിനർത്ഥം കളി തീർത്തും ഒഴിവാക്കണമെന്നല്ല. കളി മാത്രമല്ല ജീവിതം എന്ന് മനസ്സിലാക്കണമെന്നാണ്. കളി മാത്രമല്ല, പഠനവും നമ്മെ സന്തോഷിപ്പിക്കണം. ഓരോ പുതിയ വാക്ക് പഠിക്കുമ്പോഴും പുതിയ അറിവുകൾ കിട്ടുമ്പോഴും നമ്മിൽ സന്തോഷം നിറയണം. അത് കൂട്ടുകാരോട് പങ്കുവെക്കണം. അപ്പോൾ പഠനവും ആസ്വാദ്യകരമാകും.

## ലക്ഷ്യം

ഓരോ വർഷവും വ്യത്യസ്ത ക്ലാസുകളിൽ വെറുതെ ഇരിക്കുന്നതിന് വേണ്ടിയാണോ നാം സ്കൂളിൽ പോകുന്നത്? അല്ല, അങ്ങനെ ആകാൻ പാടില്ല. കൃത്യമായ ലക്ഷ്യം ഉണ്ടാകണം. ശരിയായ രൂപത്തിൽ ജോലി ചെയ്യാനും ജീവിതക്രമം മെച്ചപ്പെടുത്താനുമാണല്ലോ വിദ്യാഭ്യാസം. അപ്പോൾ ലക്ഷ്യമായി വരേണ്ടത് നല്ല സ്വഭാവമുള്ള, മനുഷ്യ സ്നേഹിയായ ഒരാളായി എനിക്ക് വളരണം എന്നാകണം. വിദ്യാഭ്യാസം ശരിയായി നേടിയില്ലെങ്കിൽ സമൂഹത്തിൽ വലിയ പ്രശ്നങ്ങൾ ഉണ്ടാകും. പഠനത്തിൽ ശ്രദ്ധിക്കാതെ എങ്ങനെയോ വിജയിച്ചു വന്ന ഒരു എഞ്ചിനീയറെ ആലോചിച്ചു നോക്കൂ... അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഉണ്ടായിവരുന്ന പാലം, റോഡ്, ബിൽഡിംഗ് എന്നിവയെല്ലാം എത്ര താളം തെറ്റിയതായിരിക്കും?! അതിനാൽ മികച്ച പഠനം എന്നത് തന്നെയാവണം ലക്ഷ്യം.

▸▸ വില്ലോ വൃക്ഷം പ്രധാനമായും ക്രിക്കറ്റ് ബാറ്റ് ഉണ്ടാക്കാനാണ് ഉപയോഗിക്കുന്നത്

# വായന ശീലമാക്കുക

പഠന കാലഘട്ടം ആനന്ദകരമാക്കാനുള്ള ഒരു മാർഗമാണ് വായന. ചെറുപ്പകാലത്ത് തന്നെ വായന ശീലമാക്കുന്നത് പഠന കാലം മികച്ചതാകാനും ഉയർന്ന മാർക്ക് നേടാനും ഉന്നത കാഴ്ചപ്പാടുകൾ രൂപപ്പെടുത്താനും സഹായിക്കും.

ക്ലാസിൽ ടീച്ചർ പാഠം എടുത്തു കഴിഞ്ഞാൽ ഉടൻ പറയും, വായിച്ചു നോക്ക് എന്ന്. അപ്പോൾ ഒരു മടി തോന്നാറുണ്ടോ? വീട്ടിൽനിന്ന് നന്നായി വായിച്ചു വരണം എന്ന് പറയുമ്പോഴും ചിലപ്പോഴെങ്കിലും ചിലർക്കത് ഇഷ്ടപ്പെടാറില്ല. ടീച്ചർ വെറുതെ പറയുന്നതല്ല, വായിക്കാൻ വേണ്ടിത്തന്നെ പറയുന്നതാണ്. ക്ലാസിൽ കേട്ടത് മറക്കാം, കൃത്യമായി അപ്പോൾ മനസ്സിലായെന്നും വരാം. എന്നാൽ, വീട്ടിൽ പോയി വായിച്ചാലോ, ടീച്ചർ പറഞ്ഞ ഓരോന്നും നിങ്ങളുടെ മുമ്പിൽ വീണ്ടും പറയുന്നതു പോലെ തോന്നും.

നിങ്ങൾ ഇഷ്ടപ്പെടുന്ന കഥ, കവിത, നോവൽ, യാത്രാവിവരണം തുടങ്ങി ധാരാളം പുസ്തകങ്ങൾ ഉണ്ട്. ലളിതമായ ഒന്ന് വായിച്ചു നോക്കൂ. അപ്പോഴറിയാം വായനാമൃതം!

നമ്മുടെ നാട്ടിൽ ഒരുപാട് എഴുത്തുകാരുണ്ട്. അവരുടെ പുസ്തകങ്ങൾ വായിക്കണം. അതുപോലെത്തന്നെ എഴുത്തുകാരെക്കുറിച്ച് ടിവിയിലും മറ്റും കേൾക്കുക. അവരെ കുറിച്ചുള്ള എഴുത്തുകൾ വായിക്കുക. എഴുത്തുകാരും വായനക്കാരും ഒരുമിക്കുന്ന ഇടങ്ങളിൽ എത്തിച്ചേരുക. അവരുടെ സംസാരം കേൾക്കുക. ഇവയെല്ലാം വായനയിൽ താൽപര്യം ഉണ്ടാക്കാൻ സഹായകമാണ്.

മികച്ച വായനക്കാരനായാൽ പിന്നെ എഴുത്തിലേക്ക് കടക്കാൻ ശ്രമിക്കാം. ഡയറി എഴുതി ശീലിക്കാം .കുഞ്ഞു കഥകൾ, കവിതകൾ എഴുതിനോക്കാം .അയ്യോ! അതിന് ഞാൻ എഴുത്തുകാരനല്ലല്ലോ എന്ന് ചിന്തിക്കേണ്ട. ധാരാളം വായിക്കുമ്പോൾ എഴുതാൻ കഴിയും. അങ്ങനെ താനെ എഴുത്തുകാരനാകും.

പുതു അധ്യയന വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ അവസാനമായി പറയാനുള്ളത്, നിങ്ങളുടെ അധ്യാപകരോട് നല്ല ബന്ധം കാത്തുസൂക്ഷിക്കുക. ടീച്ചറോട് കുശലം പറയുക, വിശേഷം ചോദിക്കുക. കഴിയുമെങ്കിൽ അവരുടെയെല്ലാം വീട് സന്ദർശിക്കുക. ഇവയെല്ലാം അവരുടെ സ്നേഹം കരസ്ഥമാക്കാൻ കഴിയുന്ന കാര്യമാണ്. അങ്ങനെ ഉന്നതമായ ചിന്തയോടെ പുതിയ ക്ലാസിൽ പ്രവേശിക്കൂ. നിങ്ങളുടെ ഈ വർഷം ആവേശകരമായിരിക്കും.



# കഴിവ്

വിദ്യാർഥികാലംമുതൽത്തന്നെ ശ്രദ്ധിക്കേണ്ടതാണ് കഴിവുകൾ തിരിച്ചറിഞ്ഞു പരിപോഷിപ്പിക്കുക എന്നത്. നിങ്ങളുടെ അതേ പ്രായത്തിലുള്ള ധാരാളം കുട്ടികളില്ലേ? അവർ പാട്ടു പാടുന്നു, ഡാൻസ് കളിക്കുന്നു, കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നു. അങ്ങനെ ധാരാളം മേഖലകളിൽ കഴിവുകൾ തെളിയിക്കുന്ന കൂട്ടുകാർ നിങ്ങൾക്കുമുണ്ടാകും.

നിങ്ങളിലും ഇത്തരം കഴിവുകളുണ്ടാകും. ഇത്തരം കഴിവുകൾ കണ്ടെത്തുക, പരിപോഷിപ്പിക്കുക. കാരണം. കഴിവുകൾ വളർത്തുന്നത് പഠനത്തെ സ്വാധീനിക്കും. മാത്രമല്ല, ചീത്ത ചിന്തകളിലേക്കും പ്രവർത്തനങ്ങളിലേക്കും പോകുന്നത് തടയാനും കഴിയും. മികച്ച കഴിവുള്ളവരെ എല്ലാവരും ഇഷ്ടപ്പെടുന്നു.

▸▸ ഏറ്റവുമധികം ചന്ദനം ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനം – കർണാടക